പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 68 8.6.2015 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടി 2015

| ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) ജനസമ്പർക്ക പരിപാടി 2015-ന്റെ ഭാഗമായി ലഭ്യമായ പരാതികളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം വിഷയങ്ങൾ പരിഹരിക്കുന്നതിനാണ് സർക്കാർ കൂടുതൽ ഊന്നൽ നൽകേണ്ടതെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;<br><br>ബി) നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പൊതുജനങ്ങളെ ഏറ്റവും വൈഷമ്യത്തിലാക്കുന്ന പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്നതിനും ഭേദഗതി വരുത്തുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | എ) + ബി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതിവരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പൊതുജനങ്ങളെ വൈഷമ്യത്തിലാക്കുന്ന പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

Kunakul

സെക്ഷൻ ഓഫീസർ